ആക്ടിന്റെ സെക്ഷൻ 58(5) പ്രകാരം സംസ്ഥാനതലത്തിൽ ഒരു സബ്സിഡിയറി കോർപ്പറേഷൻ/സൊസൈറ്റി രൂപീകരിക്കുന്നതിന്മേൽ കേന്ദ്ര സർക്കാരിന്റെ ഇ.എസ്.ഐ കോർപ്പറേഷൻ സംസ്ഥാന സർക്കാരിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. അതിനെപ്പറ്റി പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ 02/02/2016-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 150/2016/തൊഴിൽ പ്രകാരം ടെയിനിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(ഡി&ഇ) വകുപ്പിനെ സ്വയംഭരണ സ്ഥാപനമായി മാറ്റുവാൻ തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ഔഷധ വില

24 (*234) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധ വില നിയന്ത്രിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മരുന്ന് വിപണിയിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) രോഗികൾക്ക് മരുന്നുകളുടെ ജനറിക് നെയിം എഴുതിയ കുറിപ്പുകൾ മാത്രമെ നൽകാവൂ എന്ന നിബന്ധന പാലിക്കപ്പെടുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജീവിതശൈലീ രോഗങ്ങളുടെയും പാരമ്പര്യ രോഗങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങളുടെയും മരുന്നുവില അസഹനീയമാംവിധം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) നമ്മുടെ രാജ്യത്ത് മരുന്നുകളുടെ വില നിയന്ത്രിക്കുന്നതും നിശ്ചയിച്ചുറപ്പിക്കുന്നതും കേന്ദ്ര സർക്കാരാണ്. ഇത് കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് വകുപ്പിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ ആന്റ് പ്രൈസിംഗ് അതോറിറ്റി വഴിയാണ് നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ആക്ടായ എസൻഷ്യൽ കമോഡിറ്റീസ് ആക്ടിന്റെ കീഴിലുള്ള ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO) വഴിയാണ് NPPA വില നിയന്ത്രണം നടപ്പാക്കുന്നത്. നിലവിലുണ്ടായിരുന്ന DPCO 1995 പ്രകാരം 76 ഇനം മരുന്നുകളുടേയും അവയുടെ വിവിധ കോമ്പിനേഷനുകളുടെയും വില മാത്രമാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്ക് മുമ്പ് നിശ്ചയിച്ചുറപ്പിക്കുവാൻ കഴിഞ്ഞിരുന്നത്. എന്നാൽ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് പോളിസി 2012-ന്റെ ഭാഗമായി നാഷണൽ ലിസ്റ്റ് ഓഫ് എസൻഷ്യൽ മെഡിസിൻ (NLEM 2011)-ൽ ഉൾപ്പെട്ടിട്ടുള്ള 348 ഇനം മരുന്നുകളുടെയും അവയുടെ വിവിധ ഫോർമുലേഷനുകളുടെയും വില നിശ്ചയിച്ചുറപ്പിക്കുവാൻ തീരുമാനിക്കുകയും, അതിൻപ്രകാരം NPPA വിവിധ ഗസറ്റ് വിജ്ഞാപനം വഴി നാളിതുവരെ 530 മരുന്ന് ഫോർമുലേഷനുകളുടെ വില നിയന്ത്രണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. NPPA നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയിൽ തന്നെയാണോ നിർമ്മാതാക്കൾ മരുന്ന് നിർമ്മിച്ച് വിതരണം നടത്തുന്നതെന്ന് വകുപ്പ് പരിശോധനകളിലൂടെ നിരന്തരം ഉറപ്പ് വരുത്തുന്നുണ്ട്. മരുന്നുകളുടെ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് നിർമ്മിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെയും നിർമ്മാതാക്കളുടെയും വിശദാംശങ്ങൾ അനന്തര നടപടികൾക്കായി NPPA-യെ അറിയിക്കുന്നുണ്ട്. കൂടാതെ DPCO പ്രകാരം NLEM പട്ടികയിൽപ്പെടാത്ത മരുന്നുകളുടെ എം.ആർ.പി, ഒരു വർഷത്തിൽ 10 ശതമാനത്തിൽ കൂടുതൽ വർദ്ധനവ് വരുത്തുവാൻ പാടില്ല. ഇപ്രകാരം അധികമായി വില വർദ്ധനവ് നടത്തുന്നവർക്ക് എതിരെയും എൻ.പി.പി.എ. നടപടി സ്വീകരിച്ചു വരുന്നുണ്ട്. അനുവദനീയമായിട്ടുള്ള പരമാവധി വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമം ലംഘിക്കുന്നവർക്കെതിരെ ഡ്രഗ്സ് പ്രൈസ് കൺട്രോൾ നിയമംവഴി നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. മരുന്നുകളുടെ വില നിയന്ത്രണത്തിൽ നമ്മുടെ സംസ്ഥാന സർക്കാരിന് അധികാരം ഒന്നുംതന്നെയില്ല. അമിത ചികിത്സാ ചെലവുകൾക്ക് ആശ്വാസമേകുന്നതിലേക്കായി സർക്കാരിന്റെ കാരുണ്യ, കമ്മ്യൂണിറ്റി ഫാർമസി, നീതി, മാവേലി മെഡിക്കൽ ഷോപ്പുകൾ വഴി മരുന്നുകളുടെ വില വളരെ കുറച്ച്, പാവപ്പെട്ട രോഗികൾക്ക് കൊടുക്കുവാനുള്ള സൗകര്യം ചെയ്തുവരുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജീവിത ശൈലീരോഗങ്ങളുടെയും പാരമ്പര്യ രോഗങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങളുടെയും മരുന്നുകളുടെ വില നിയന്ത്രിക്കുന്നതും നിശ്ചയിച്ചുറപ്പിക്കുന്നതും കേന്ദ്ര സർക്കാരിന് കീഴിലുള്ള നാഷണൽ ഫാർമാസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിയാണ്. വില നിയന്ത്രണമില്ലാത്ത മരുന്നുകളുടെ പരമാവധി വില (എം.ആർ.പി) 10 ശതമാനത്തിൽ കൂടുതൽ വർദ്ധനവ് പാടില്ല എന്നുള്ളതാണ്. ക്യാൻസർ, കിഡ്നിരോഗങ്ങൾ, ഹൃദ്രോഗം എന്നിവ വളരെയധികം വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ടി മരുന്നുകളുടെ വില നിയന്ത്രണവും അത്യന്താപേക്ഷിതമാണ്. ഇറക്കുമതി ചെയ്യുന്ന മരുന്നുകൾക്കായി കംപൽസറി ലൈസൻസിംഗ് സമ്പ്രദായം നിലവിൽ ഉള്ളതിനാൽ ഇത്തരം അമിതവില ഈടാക്കുന്ന അവശ്യമരുന്നുകൾ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാക്കാൻ കഴിയുമെന്നത് ഒരു വലിയ കാര്യമാണ്. ഇത്തരം സംരംഭങ്ങൾ എല്ലാംതന്നെ സാധാരണക്കാർക്ക് ചികിത്സാ സൗകര്യത്തിന് ഉതകുമെന്നുള്ളത് തീർത്തും വസ്തുതാപരമാണ്.

ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്നവരുടെ രജിസ്ട്രേഷൻ

25 (*235) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്നവർക്ക് രജിസ്ട്രേഷനോ ലൈസൻസോ എടുക്കുന്നതിനായി നീട്ടി നൽകിയ സമയ പരിധി എന്നാണ് അവസാനിച്ചത്; ബന്ധപ്പെട്ട സ്ഥാപനങ്ങളെല്ലാം രജിസ്ട്രേഷനോ ലൈസൻസോ എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) രജിസ്ട്രേഷന് അപേക്ഷിക്കുന്നവർക്കെല്ലാം സ്ഥാപന പരിശോധന കൂടാതെ രജിസ്ട്രേഷൻ നൽകുന്ന നിലവിലെ സമ്പ്രദായം രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയുടെ പ്രസക്തി ഇല്ലാതാക്കിയെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) തട്ടുകടകൾ മാത്രമല്ല, ചെറുകിട, വൻകിട ഭക്ഷണശാലകളും ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly